# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.62** — **09/03/2015 ൽ മറുപടിക്ക്**

### സിവിൽ സർവ്വീസ് അഴിമതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.സലീഖ.** | **ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
| (എ) സിവിൽ സർവ്വീസ് അഴിമതി രഹിതവും കാര്യക്ഷമവുമാക്കുന്നതിന് സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും (സി) യും ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജന സമ്പർക്ക പരിപാടിയിലൂടെയും ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താനാകുന്നുണ്ട്. വിഷൻ 2030, സേവനാവകാശ നിയമം തുടങ്ങിയവയും ഈ ലക്ഷ്യത്തോടെ അവിഷ്കരിച്ചതാണ്. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം -ഗവേണൻസ്, എന്നിവ വിവധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവരാവകാശ നിയമം കർക്കശനമായി പ്രാവർത്തികമാക്കുന്നതിൽ കൂടിയും വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. വിവരാവകാശ നിയമപ്രകാരം അപേക്ഷയും ഫീസും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നുണ്ട്. ഇങ്ങനെ സർക്കാരിന്റെ വിവധ പദ്ധതികളിലൂടെയും നിയമനിർമ്മാണത്തിലൂടെയും ഭരണത്തിൽ വിശ്വസ്ഥതയും സുതാര്യതയും കൈവരിക്കാനാകുമെന്ന് കരുതുന്നു. |
| (ബി) ഇതിന്റെ ഭാഗമായി ഇ-ഗവേർണൻസ് സംവിധാനവും ഇ-ടെൻഡർ സംവിധാനവും ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയെന്നും എവിടെയെല്ലാം നടപ്പാക്കാനുണ്ട് എന്നും ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ; | |
| (സി) ഇവ നടപ്പിലാക്കിയ വകുപ്പുകളിൽ പ്രസ്തുത സംവിധാനങ്ങളെ മാറ്റി നിർത്തി, മുൻകാലങ്ങളിൽ അഴിമതി കണ്ടെത്തിയതിനാൽ ഒഴിവാക്കിയ സംവിധാനം ഏതെല്ലാം വകുപ്പുകളിൽ ഇപ്പോഴും സ്വീകരിച്ചു വരുന്നു ; ഇത് നിയന്ത്രിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | |

| | | |
|---|---|---|
| (ഡി) ഈ സർക്കാർ നടപ്പുവർഷത്തിൽ (2014-15) അഴിമതി നിയന്ത്രിക്കാൻ ഏതെല്ലാം വകുപ്പുകളിൽ വിജിലൻസ് റെയ്ഡുകൾ നടത്തി ; ഇവയിലൂടെ കണ്ടെത്തിയ അഴിമതി തുക എത്ര ; ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചു ; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (ഡി) യും (ഇ) യും (എഫ്) ഉം (ജി) യും | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കൈക്കൂലിക്കേസ്സിൽ അന്വേഷണങ്ങൾക്ക് വിധേയരായ ഐ.എ.എസ്സ്, ഐ.പി.എസ്സ്, ഐ.എഫ്.എസ്സ്, ഐ.ആർ.എസ്സ്, ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവരിൽ എത്ര പേർക്കെതിരെ കുറ്റപത്രം നല്കി എന്നും എന്തെല്ലാം നടപടികൾ ഇവരുടെമേൽ സ്വീകരിച്ചുവെന്നും ഇവരിൽ എത്ര പേർക്ക് തുടർ പ്രമോഷനുകൾ നൽകി എന്നും വ്യക്തമാക്കുമോ ; | | |
| (എഫ്) ഈ സർക്കാർ കാലയളവിൽ വിവിധ വകുപ്പുകളിലായി വിജിലൻസ് കണ്ടെത്തി നടപടികൾക്കുവിധേയരായവരിൽ എത്ര പേരെ സർവ്വീസിൽ നിന്നും പുറത്താക്കി; | | |
| (ജി) അവർ ആരെല്ലാമെന്നും ഇവരെ സർവ്വീസിൽ നിന്നും പുറത്താക്കിയതു ഏതൊക്കെ വകുപ്പുകളിൽ നിന്നുമാണെന്നും വ്യക്തമാക്കുമോ ? | | |

സെക്ഷൻ ആഫീസർ